# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5555 **25.10.2011 ൽ** മറുപടിയ്ക്ക്

<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്</u>

**ചോദ്യം**
**ശ്രീ. റ്റി. യു. കുരുവിള**
**ശ്രീ. മോൻസ് ജോസഫ്**

**ഉത്തരം**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

എ) തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടി പുതിയ ഫ്ളാറ്റ് പണിയുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

എ) തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടി എൻ.ജി.ഒ ക്വാർട്ടേഴ്സ്, ജി.ഒ ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിനായി കെട്ടിടവിഭാഗം ചീഫ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണി നടക്കുന്നത് ; എവിടെയൊക്കെ പുതിയ ക്വാർട്ടേഴ്സ് പണിയാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ബി) സർക്കാർ ജീവനക്കാർക്കായി നിലവിൽ പണിനടക്കുന്ന ക്വാർട്ടേഴ്സുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

1. ഫയർസ്റ്റേഷൻ ക്വാർട്ടേഴ്സ്, ചങ്ങനാശ്ശേരി, കോട്ടയം.
2. എൻ.ജി.ഒ ക്വാർട്ടേഴ്സ്, ഇരിങ്ങാലക്കുട, തൃശ്ശൂർ.
3. എൻ.ജി.ഒ ക്വാർട്ടേഴ്സ്, ദേവികുളം, ഇടുക്കി.
4. എൻ.ജി.ഒ ക്വാർട്ടേഴ്സ്, പൈനാവ്, ഇടുക്കി
5. എൻ.ജി.ഒ ക്വാർട്ടേഴ്സ്, നെടുങ്കണ്ടം, ഇടുക്കി.
6. ടി.എം.ജി. കോളേജ് സ്റ്റാഫ് ക്വാർട്ടേഴ്സ്, തിരൂർ, മലപ്പുറം.
7. വനിതാ പോളിടെക്നിക് സ്റ്റാഫ് ക്വാർട്ടേഴ്സ്, കോട്ടക്കൽ, മലപ്പുറം.
8. മണ്ണാർക്കാട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, പാലക്കാട്

പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളി, കോഴിക്കോട് ജില്ലയിലെ ചേവായൂർ എന്നിവിടങ്ങളിൽ പുതിയ എൻ.ജി.ഒ ക്വാർട്ടേഴ്സ് പണിയുന്നതിനും മലമ്പുഴ ഐ.റ്റി.ഐ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ഒബ്സർവേറ്ററി കോമ്പൗണ്ടിൽ ജി.ഒ, എൻ.ജി.ഒ ക്വാർട്ടേഴ്സ് നെടുമങ്ങാട് ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**